(ഡി) കാർഷിക വിളകൾ, പച്ചക്കറി, മുട്ട, പാൽ, തൊഴിൽ എന്നി മേഖലകളിലാണ് ജനകീയാസൂത്രണ പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുള്ളത്. ഓരോ വർഷവും ആറ് ലക്ഷത്തോളം കർഷകർക്ക് വിത്ത്, വളം, കീടനാശിനികൾ, നടീൽ വസ്തുക്കൾ എന്നിവ വിതരണം ചെയ്തിട്ടുണ്ട്. ജനകീയാസൂത്രണത്തിന്റെ ആദ്യത്തെ മൂന്ന് വർഷങ്ങളിലായി 3,15,881 ഏക്കർ ഭൂമിയിൽ അധിക വിളയിറക്കാൻ കഴിഞ്ഞിട്ടുണ്ട്. തരിശുഭൂമി, കൃഷിഭൂമിയാക്കുകയും നിലവിലുണ്ടായിരുന്ന കൃഷിയിടങ്ങളിൽ രണ്ടാം വിളയും ഇടവിളയും ഇറക്കുകയും ചെയ്തിട്ടുണ്ട്. പച്ചക്കറി ഉൽപ്പാദനം ഗണ്യമായി ഉയരുകയുണ്ടായി. പാൽ ഉൽപ്പാദനത്തിലെ വർദ്ധന മിൽമ ശേഖരിക്കുന്ന പാലിന്റെ അളവിൽ വ്യക്തമാകുന്നുണ്ട്. 1998-99-ൽ 4.67 ലക്ഷം ലിറ്റർ പാൽ സംഭരിച്ചിരുന്നത് 1999-2000-ൽ 6.12 ലക്ഷം ലിറ്ററായി ഉയർന്നിട്ടുണ്ട്. 2000-2001-ൽ അത് 7.25 ലക്ഷം ലിറ്ററായി വർദ്ധിക്കുവാനാണ് സാദ്ധ്യത. വ്യവസായ മേഖലയിലും ഉണർവ് ഉണ്ടായിട്ടുണ്ട്. ഇവയുടെ ഫലമായി ഉൽപ്പാദന മേഖലയിലെ വളർച്ചയിൽ ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്, എന്ന് താൽക്കാലിക കണക്കുകൾ സൂചിപ്പിക്കുന്നു. ഇത്തരത്തിലുണ്ടായിട്ടുള്ള പ്രയോജനം തുടർന്നു നടത്തുന്ന വികസന പ്രവർത്തനങ്ങളെ ആശ്രയിച്ചിരിക്കും.

(ഇ) ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് നടക്കുന്ന ഉൽപ്പാദന മേഖലയിലെ നിക്ഷേപങ്ങൾക്ക് ഇടത്തര/ദീർഘകാലയളവിൽ പ്രയോജനം ലഭിക്കുന്നതാണ്. ഇതുവരെയുള്ള അനുഭവങ്ങൾ തികച്ചും ഗുണകരമാണ്. നിർമ്മാണപ്രവർത്തനങ്ങൾ മൂലമുണ്ടാകുന്ന തൊഴിൽ സാദ്ധ്യതകളും കാർഷിക മേഖലയിലെയും ചെറുകിട വ്യവസായത്തിലെയും വളർച്ചാനിരക്കും കേരളത്തിലെ സാമ്പത്തിക മുന്നേറ്റമാണ് വ്യക്തമാക്കുന്നത്. സാമ്പത്തിക മുരടിപ്പ് ഉണ്ടാകാനുള്ള സാദ്ധ്യത ഒട്ടുംതന്നെയില്ല.

(എഫ്) പ്രസക്തമല്ല.

30(33) സ്വാതന്ത്ര്യ സമരസേനാനികൾക്കുള്ള പെൻഷൻ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാതന്ത്ര്യസമരസേനാനികൾക്ക് സംസ്ഥാന ഗവൺമെന്റ് നൽകുന്ന പെൻഷൻ തുക എത്രയാണ്; നിലവിലുണ്ടായിരുന്ന 2000/- രൂപ വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; വർദ്ധനവ് എന്നു മുതലാണ് പ്രാബല്യത്തിൽ വന്നിട്ടുള്ളത്;

(ബി) വർദ്ധിപ്പിച്ച സംഖ്യ നൽകേണ്ടതില്ല എന്ന ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ; വർദ്ധിപ്പിച്ച സംഖ്യ വാങ്ങിയവരിൽ നിന്ന് പ്രസ്തുത സംഖ്യ തിരിച്ചു പിടിക്കാൻ എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) സംസ്ഥാന പെൻഷൻ ലഭിക്കുന്ന എത്ര സ്വാതന്ത്ര്യ സമരസേനാനികൾ ഇപ്പോൾ നിലവിലുണ്ട്; ഇവരിൽ കേന്ദ്ര പെൻഷൻ ലഭിക്കുന്നവർ എത്ര?

ഉത്തരം

(എ,ബി) സംസ്ഥാന ഗവൺമെന്റ് 2000/- രൂപയാണ് നൽകിവരുന്നത്. ഈ തുക 3000/- രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവി

LIBRARY ARCHIVES Kerala Legislative Assembly

ച്ചിട്ടുണ്ട്. വർദ്ധനവ് 3.8.2000 മുതലാണ് പ്രാബല്യത്തിൽ വന്നിട്ടുള്ളത്. ഈ തുക നൽകേണ്ടെന്നോ തിരിച്ചു പിടിയ്ക്കണമെന്നോ ഉള്ള ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

(സി) ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട് എന്നീ ജില്ലകളിലായി 3979 സ്വാതന്ത്ര്യ സമരസേനാനികൾ സംസ്ഥാന പെൻഷൻ വാങ്ങുന്നവരായുണ്ട്. ഇവരിൽ 592 പേർക്ക് കേന്ദ്ര പെൻഷനും ലഭിക്കുന്നുണ്ട്. മറ്റു ജില്ലകളിലെ വിവരം ശേഖരിച്ചുവരുന്നു.

31(34) പുകവലി നിരോധനം

പ്രൊഫസർ സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുസ്ഥലങ്ങളിലെ പുകവലി നിരോധിച്ചുകൊണ്ട് കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റിന് എന്തെങ്കിലും നിർദ്ദേശമോ ഉപദേശമോ കോടതി നൽകിയിട്ടുണ്ടോ; എങ്കിൽ അത് എന്തെന്ന് വ്യക്തമാക്കാമോ;

(സി) ആ നിർദ്ദേശം നടപ്പാക്കാൻ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ;

(ഡി) സിഗറ്റ് തുടങ്ങിയവ കത്തിക്കാൻ സൗകര്യം ഒരുക്കിക്കൊടുക്കുന്നവർക്കെതിരെ നടപടിയെടുക്കാൻ കോടതി നിർദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ നിർദ്ദേശമെന്താണെന്നും അത് നടപ്പാക്കാൻ സ്വീകരിച്ച നടപടികളെന്തൊക്കെ ആണെന്നും വിശദമാക്കാമോ;

(ഇ) ഇക്കാര്യത്തിൽ കോടതി നിർദ്ദേശം നടപ്പാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) കോടതി നിർദ്ദേശം കർശനമായി നടപ്പാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി-എഫ്) ഒ.പി. നമ്പർ 24160/98-ലെ വിധിന്യായത്തിൽ പുകയിലയുടെ ഏതുരൂപത്തിലുള്ള ഉപയോഗവും ഭരണഘടനയുടെ 21-ാം വകുപ്പനുസരിച്ച് നിയമവിരുദ്ധമാണെന്നും ആയതിനാൽ എല്ലാ ജില്ലാകളക്ടർമാരും സി.ആർ.പി.സി. 133 (എ) വകുപ്പനുസരിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്നും കോടതി നിർദ്ദേശിച്ചു. കൂടാതെ ഒ.പി. നമ്പർ 22492/99/സിയിലെ സി.എം.പി. നമ്പർ 37139/99 ഉത്തരവ് പ്രകാരം ബീഡി, സിഗറ്റ് തുടങ്ങിയവ കത്തിക്കുന്നതിനുവേണ്ടി കത്തിച്ചുവച്ച വിളക്കോ കയറുകളോ, കടകൾ, റെസ്റ്റോറന്റ്, സിനിമ തിയേറ്റർ തുടങ്ങിയ പൊതുസ്ഥലങ്ങളിൽ വയ്ക്കാൻ പാടില്ലെന്ന് കോടതി നിർദ്ദേശമുണ്ട്. പുകവലി നിരോധനം സംബന്ധിച്ച് കോടതിയുടെ വിധിന്യായങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് ഡി.ജി.പി.ക്കും തദ്ദേശ സ്വയംഭരണ വകുപ്പിനും ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ട്. പുകവലി നിരോധിച്ചുകൊണ്ടുള്ള ബോർഡുകൾ സർക്കാർ ആഫീസു

LIBRARY ARCHIVES Kerala Legislative Assembly